*⇨ പല കേസുകളിലും മനഃപൂർവ്വം തോറ്റുകൊടുക്കുകയായിരുന്നു ⇨*

# പട്ടയപ്രശ്നം പരിഗണിച്ചില്ല എന്നത് തെറ്റായ പ്രചരണം

ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകൾക്കെതിരെയുണ്ടായ എതിർപ്പുകളുടെ സുപ്രധാന മർമ്മം ഇ.എഫ്.എൽ നിയമത്തിന്റെ കർഷക വിരുദ്ധതയും പട്ടയപ്രശ്നവുമായിരുന്നു. പ്രസ്തുത വിഷയങ്ങളിൽ സർക്കാർ കൈക്കൊള്ളാൻ ശ്രമിക്കുന്ന തീരുമാനങ്ങൾ തിടുക്കത്തിലുള്ളതും അപര്യാപ്തവുമാണെന്ന് ഒരേ ഭൂമി ഒരേ ജീവൻ ലീഗൽ സെൽ ഡയറക്ടർ

**ടോണി തോമസ് / കേരളീയം**

**ഇ.എഫ്.എൽ (ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ് ആക്ട്) നിയമങ്ങൾ അതിന്റെ ലക്ഷ്യങ്ങൾ പണ്ടേ നേടിക്കഴിഞ്ഞതിനാൽ ഇനിയും ആരുടെയും ഭൂമി ഏറ്റെടുക്കാൻ കഴിയാത്തവിധം നിയമം റദ്ദു ചെയ്യണമെന്ന് കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരെയുള്ള കർഷകരുടെ പരാതികൾ പരിഗണിക്കുന്നതിനായി കേരള സർക്കാർ നിയോഗിച്ച ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റി അഭിപ്രായപ്പെടുകയുണ്ടായല്ലോ? ശരിക്കും ഇ.എഫ്.എൽ നിയമം റദ്ദുചെയ്യേണ്ടത് തന്നെയാണോ?**

ഇ.എഫ്.എൽ നിയമം നടപ്പിലാക്കിയ രീതിയിൽ പിഴവുകളുണ്ട് എന്നത് പരിസ്ഥിതി പ്രവർത്തകരെല്ലാം ഇന്ന് അംഗീകരിക്കുന്ന കാര്യമാണ്. 1971 ലെ സ്വകാര്യ വനം നിക്ഷിപ്തമാക്കൽ നിയമപ്രകാരം സർക്കാർ ഏറ്റെടുത്ത സ്വകാര്യവ്യക്തികളുടെ കൈവശമുണ്ടായിരുന്ന വനഭൂമി, പല കേസുകളിലും പിന്നീട് വനം വകുപ്പ് തോറ്റതോടെ നഷ്ടമായിട്ടുണ്ട്. സ്വകാര്യവ്യക്തികൾക്ക് ഭൂമി തിരികെ കിട്ടുന്നതിനായി സർക്കാർ വക്കീലന്മാർ പല കേസുകളിലും മനഃപൂർവ്വം തോറ്റുകൊടുക്കുകയായിരുന്നു. അങ്ങനെ വനഭൂമിയായി മാറേണ്ട ഒരുപാട് സ്ഥലം സ്വകാര്യവ്യക്തികളുടെ കയ്യിൽ തിരികെയെത്തി. ആ ഭൂമിയെല്ലാം തിരിച്ചുപിടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇ.എഫ്.എൽ നിയമം നടപ്പിലാക്കുന്നത്. സ്വകാര്യവ്യക്തികളുടെ പക്കൽ എത്തിയിട്ടും വനമായിത്തന്നെ നിലനിൽക്കുന്ന ഭൂമി തിരികെ വനംവകുപ്പിന്റെ അധീനതയിലേക്ക് കൊണ്ടുവരാൻ കഴിയുന്ന തരത്തിലാണ് നിയമം നിർമ്മിച്ചത്.

സ്വകാര്യവനം നിക്ഷിപ്തമാക്കൽ നിയമപ്രകാരം ഏറ്റെടുക്കുകയും പിന്നീട് കേസിൽ തോറ്റതിനെ തുടർന്ന് നഷ്ടമാവുകയും ചെയ്ത വനഭൂമി എവിടെയെല്ലാമുണ്ടെന്ന് ഓഫീസ് രേഖകൾ വഴി കണ്ടെത്തി ഇ.എഫ്.എൽ ആയി നോട്ടിഫൈ ചെയ്ത് തിരികെപിടിക്കാനാണ് വനം വകുപ്പ് ഉദ്യോഗസ്ഥർ ശ്രമിച്ചത്. അങ്ങനെ ചെയ്തതുകൊണ്ട് തന്നെ പല പിഴവുകളുമുണ്ടായി. ഷൊർണ്ണൂർ ടൗണിന് നടുവിലുള്ള വേസ്റ്റ് ഡംബിംഗ് യാർഡ് പോലും അത്തരത്തിൽ തിരിച്ചുപിടിച്ച പട്ടികയിൽ ഉൾപ്പെടുന്നുണ്ട് എന്നതാണ് വിരോധാഭാസം. പണ്ട് പാടത്ത് തോലിടാനായി സംരക്ഷിച്ചിരുന്ന വളർത്തുകാടായിരുന്നു ആ പ്രദേശം. അതുകൊണ്ടുതന്നെ സ്വകാര്യവനം നിക്ഷിപ്തമാക്കൽ നിയമപ്രകാരം ആ ഭൂമി ഏറ്റെടുത്തിരുന്നു. പിന്നീട് കേ



സ് തോറ്റതുകൊണ്ട് ഭൂമി നഷ്ടമായിരുന്നു. ആ പഴയ രേഖ പ്രകാരം ഇ.എഫ്.എൽ ആയി നോട്ടിഫൈ ചെയ്ത് സ്ഥലം ഏറ്റെടുക്കാനാണ് വനം വകുപ്പ് ശ്രമിച്ചത്. നേരിട്ട് സ്ഥലപരിശോധന നടത്താത്തതിന്റെ പിഴവുകൾ ഇത്തരത്തിൽ സംഭവിച്ചിട്ടുണ്ട്. അതാണ് ഇ.എഫ്.എൽ നിയമത്തിന് തിരിച്ചടിയായതും. ചെറുകിട കർഷകരുടെ ഭൂമി പലതും അതിൽപ്പെട്ടുപോയിട്ടുണ്ട്.

എന്നാൽ ഇ.എഫ്.എൽ നിയമം അതുമാത്രമേ ചെയ്തിട്ടുള്ളൂ എന്ന് പറയുന്നത് ശരിയല്ല. വലിയ ഭൂവുടമകളുടെ കൈവശമുണ്ടായിരുന്ന, വനത്തിന് സമാനമായ പല സ്ഥലങ്ങളും ഇ.എഫ്.എൽ നിയമപ്രകാരം ഏറ്റെടുത്തിട്ടുണ്ട്. പല കേസുകളും എനിക്ക് നേരിട്ട് അനുഭവമുള്ളതാണ്. ശിരുവാണിയിലെ മുത്തിക്കുളം റിസർവ്വ് കേസും, അട്ടപ്പാടിയിലെ മന്തംപെട്ടിയും പൂഞ്ചോലയും മരോട്ടിത്തടവുമെല്ലാം അത്തരത്തിൽ ഏറ്റെടുത്തതാണ്. അതെല്ലാം ഉറപ്പായും ഇ.എഫ്.എൽ ആയി നോട്ടിഫൈ ചെയ്യപ്പെടേണ്ട പ്രദേശങ്ങളാണ്. സർക്കാർ വക്കീലന്മാർ ബോധപൂർവ്വം കേസ് തോറ്റുകൊടുത്തതുകൊണ്ട് നഷ്ടമായ വനഭൂമിയാണ് അതെല്ലാം. ഉദ്യോഗസ്ഥർ ജനവിരുദ്ധ നടപടികൾ എടുത്തുകൊണ്ട് ബോധപൂർവ്വം നിയമത്തെ പൊളിക്കുകയായിരുന്നു എന്നുവേണം കരുതാം. ഇതുതന്നെ ഗാഡ്ഗിൽ വിഷയത്തിലും സംഭവിച്ചുണ്ട്. ഗാഡ്ഗിൽ റിപ്പോർട്ട് വന്നതിനെ തുടർന്ന് പല രജിസ്ട്രാർമാരും ആധാരം രജിസ്റ്റർ ചെയ്യുന്നത് നിർത്തിവച്ചിരുന്നു. ഗാഡ്ഗിൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങളെക്കുറിച്ച് സർക്കാർ തലത്തിൽ ഒരു തീരുമാനവും അപ്പോൾ ഉണ്ടായിരുന്നില്ല. എന്നിട്ടും ഉദ്യോഗസ്ഥർ ജനങ്ങളെ ദ്രോഹിക്കാൻ ശ്രമിച്ചത് തീർച്ചയായും ഗാഡ്ഗിൽ റിപ്പോർട്ട് അട്ടിമറിക്കാൻ വേണ്ടിത്തന്നെയായിരുന്നു.

**മലയോര കർഷകർക്ക് പട്ടയം കിട്ടാതിരിക്കുന്നതിലും പരിസ്ഥിതി പ്രവർത്തകർ തടസ്സം നിൽക്കുന്നതായാണല്ലോ അവർ പറയുന്നത്. എന്താണ് യാഥാർത്ഥ്യം?**

1977ന് കുടിയേറിയവർക്കെല്ലാം പട്ടയം കൊടുക്കാൻ വ്യവസ്ഥയുണ്ടായിട്ടും ഇപ്പോഴും പട്ടയം കിട്ടാത്ത നിരവധി കർഷരുണ്ട് എന്നത് യാഥാർത്ഥ്യമാണ്.

1971ലെ സ്വകാര്യവനം നിക്ഷിപ്തമാക്കൽ നിയമത്തിലൂടെ വനഭൂമിയായി മാറിയ സ്ഥലത്ത് കയ്യേറിയവർക്ക് പട്ടയം നൽകാനാണ് 1977ലെ എ.കെ. ആന്റണി മന്ത്രിസഭ തീരുമാനിക്കുന്നത്. എന്നാൽ റിസർവ്വ് വനം കയ്യേറിയവർക്കാണ് അധികവും പട്ടയം ലഭിച്ചത്. അതിനെയാണ് പരിസ്ഥിതി പ്രവർത്തകർ എതിർത്തത്. പ്രത്യേകിച്ച് പരിസ്ഥിതി ദുർബല പ്രദേശമായി പരിഗണിക്കേണ്ട ഏലമലക്കാടുകളിൽ നടന്ന കയ്യേറ്റത്തെ. 1980ലെ വനനിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലമാണ് ഏലമലക്കാടുകൾ. അവിടെ കയ്യേറ്റം നിയമവിധേയമാക്കാൻ കഴിയില്ല. എന്നിട്ടും നിരവധി കയ്യേറ്റങ്ങൾക്ക് അവിടെ പട്ടയം ലഭിച്ചിട്ടുണ്ട്. അതിനെതിരെയാണ് ഞങ്ങൾ പ്രധാനമായും പരാതിപ്പെട്ടിട്ടുള്ളത്. 1977ന് മുമ്പ് കയ്യേറിയതായി കൃത്രിമ തെളിവുണ്ടാക്കി പട്ടയം കൈവശത്താക്കിയവരും ഇടുക്കിയിൽ അനവധിയുണ്ട്. അത്തരത്തിൽ അന

1980ലെ വനനിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലമാണ് ഏലമലക്കാടുകൾ. അവിടെ കയ്യേറ്റം നിയമവിധേയമാക്കാൻ കഴിയില്ല. എന്നിട്ടും നിരവധി കയ്യേറ്റങ്ങൾക്ക് അവിടെ പട്ടയം ലഭിച്ചിട്ടുണ്ട്. അതിനെതിരെയാണ് ഞങ്ങൾ പ്രധാനമായും പരാതിപ്പെട്ടിട്ടുള്ളത്. 1977ന് മുമ്പ് കയ്യേറിയതായി കൃത്രിമ തെളിവുണ്ടാക്കി പട്ടയം കൈവശത്താക്കിയവരും ഇടുക്കിയിൽ അനവധിയുണ്ട്.

ധികൃതമായി ഭൂമി കൈവശത്താക്കിയവരെ ഒഴിവാക്കുകയും അർഹരായവർക്ക് പട്ടയം നൽകുകയും വേണമെന്നാണ് ഞങ്ങൾ പറയുന്നത്. 1977ന് മുമ്പ് കയ്യേറിയതായി തെളിവുണ്ടാക്കി പട്ടയം ആവശ്യപ്പെടുന്നവരുടെ എണ്ണം വർഷം തോറും കൂടിക്കൊണ്ടിരിക്കുകയാണ്. അത്തരം സമ്മർദ്ദങ്ങൾക്ക് വഴങ്ങാതെ പട്ടയ പ്രശ്നത്തിന്റെ യഥാർത്ഥ സ്ഥിതിയെന്താണെന്ന് സർക്കാർ കണ്ടെത്തുകയാണ് വേണ്ടത്.

ഏലമലക്കാടുകളിൽ 1408 കള്ളപട്ടയങ്ങളുണ്ടെന്ന് സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതി കണ്ടെത്തിയിരുന്നു. കേസ് ഇപ്പോഴും നടക്കുകയാണ്. റിസർവ് വനത്തിന്റെ സ്റ്റാറ്റസുള്ള ഏലമലക്കാട്ടിലെ മരങ്ങളുടെ അവകാശം വനം വകുപ്പിനാണുള്ളത്. എന്നിട്ടും എത്രയോ അധികം മരങ്ങളാണ് സ്വകാര്യ വ്യക്തികൾ മുറിച്ചുമാറ്റിയത്. ഞള്ളാനി പോലെ നിഴൽ വേണ്ടാത്ത ഇനം ഏലക്കൃഷി വന്നതോടെ മരം മുറി വ്യാപകമായി. അക്കാര്യത്തിലൊന്നും ഒരു നടപടിയുമുണ്ടായിട്ടില്ല. ഇത്തരം വസ്തുതകൾ മറച്ചുവച്ചാണ് പരിസ്ഥിതി പ്രവർത്തകർ പട്ടയം ലഭിക്കുന്നതിന് തടസ്സം നിൽക്കുന്നു എന്ന് പറയുന്നത്.

വനഭൂമിയിൽ പട്ടയം ലഭിച്ചവർക്ക് ഭൂമി കൈമാറ്റം ചെയ്യാൻ അവസരം നൽകിക്കൊണ്ട് പട്ടയ നിയമം സർക്കാർ ഭേഗഗതി ചെയ്യാൻ പോവുകയാണ്. ഗാഡ്ഗിൽ-കസ്തൂരി രംഗൻ റിപ്പോർട്ടുകൾക്കെതിരെ പ്രതിഷേധമുണ്ടായ സാഹചര്യം പരിഗണിച്ചുകൊണ്ടാണ് നിയമത്തിൽ ഭേദഗതിവരുത്തുന്നത്. അതോടെ വനഭൂമിയിൽ പട്ടയം ലഭിച്ചവർക്ക് 25 വർഷത്തേക്ക് ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥയും ഇല്ലാതെയാകും. അങ്ങനെ നോക്കിയാൽ വനസംരക്ഷണത്തേക്കാൾ പ്രാധാന്യത്തോടെ പട്ടയപ്രശ്നം സർക്കാറുകൾ പരിഗണിച്ചിരുന്നതായി കാണാം. എന്നിട്ടും പരാതികൾ അവസാനിക്കാത്തതിന് പിന്നിലെ കാരണങ്ങൾ മറ്റ് താത്പര്യങ്ങളാണ്. അത് അന്വേഷിച്ച് കണ്ടെത്തുകയാണ് വേണ്ടത്.

**സ്വകാര്യവനം നിക്ഷിപ്തമാക്കി, അതിരുകൾ കൃത്യമായി രേഖപ്പെടുത്തിയ ശേഷവും കയ്യേറ്റം നടന്നിട്ടുണ്ടെങ്കിൽ വനം വകുപ്പിനും അതിൽ ഉത്തരവാദിത്തമില്ലേ?**

അങ്ങനെ പറയുന്നതിൽ ന്യായമില്ല. വനം വകുപ്പിന് അങ്ങനെ അതിര് കാക്കാൻ കഴിയണമെന്നില്ല. വനം വകുപ്പ് അതിര് കൃത്യമായി വേർതിരിച്ചാൽ മാത്രമെ കാട് കയ്യേറാതിരിക്കൂ, അല്ലെങ്കിൽ കയ്യേറും എന്ന് പറയുന്നതും ശരിയല്ല. അതിര് വേർതിരിക്കാതെ തന്നെ തിരിച്ചറിയാൻ കഴിയുന്ന സ്ഥലമാണ് വനം. വനമാണെന്ന് അറിയാതെ നടന്ന കയ്യേറ്റമല്ല കേരളത്തിലുള്ളത്. സ്വകാര്യവനം നിക്ഷിപ്തമാക്കൽ നിയമത്തിലൂടെ വനഭൂമിയായി മാറിയ സ്ഥലങ്ങൾ മലബാർ മേഖലയിൽ മാത്രമാണുള്ളത്. മലബാറിലായിരുന്നു സ്വകാര്യവനങ്ങളുണ്ടായിരുന്നത്. എന്നാൽ കയ്യേറ്റങ്ങൾ കൂടുതൽ നടന്നിട്ടുള്ള തിരുവിതാംകൂറിലെ റിസർവ് വനഭൂമിയിലാണ്. തിരുവിതാംകൂർ സ്റ്റേറ്റിന്റെ കാലത്ത് തന്നെ വനമായി റിസർവ്വ് ചെയ്യപ്പെടുകയും കൃഷി ചെയ്യുന്നതിനായി പാട്ടത്തിന് കൊടുക്കുകയും ചെയ്ത ഭൂമിയിലാണ് കയ്യേറ്റങ്ങൾ ഏറെയും നടന്നത്. പാരിസ്ഥിതികമായി ഏറെ പ്രാധാന്യമുള്ള പ്രദേശങ്ങളാണിത്. അവിടെയുണ്ടായിട്ടുള്ള അനധികൃത കയ്യേറ്റങ്ങൾക്ക് പട്ടയം നൽകുന്ന നടപടി തീർച്ചയായും എതിർക്കപ്പെടേണ്ടതാണ്. ■


## ജൈവ അരി വിൽപ്പനയ്ക്ക്

'ചേറ്റാടി' എന്ന നാടൻ ജൈവ അരിയുടെ സ്റ്റോക്ക് തീർന്നു. അടുത്തതായി വിപണിയിലിറങ്ങുന്നു, 'മുണ്ടകൻ' ജൈവ അരി. 50 കിലോയിൽ കൂടുതൽ വാങ്ങുന്നവർക്ക് കിലോഗ്രാമിന് 50 രൂപ നിരക്കിലും 50 കിലോയിൽ കുറവ് വാങ്ങുന്നവർക്ക് കിലോഗ്രാമിന് 60 രൂപയ്ക്കും ഇപ്പോൾ ലഭ്യമാണ്. ഒരു കിലോ മുതൽ ലഭ്യം. നേരിട്ടും പാഴ്സൽ ഓഫീസ് മുഖേനയും എത്തിക്കാം. പാഴ്സൽ ചാർജ്ജ് ഉപഭോക്താവ് വഹിക്കേണ്ടതാണ്. ഒരു റൂട്ടിൽ ഉപഭോക്താക്കൾ കുടുതലുണ്ടെങ്കിൽ നേരിട്ട് അരി എത്തിക്കും. മൂന്ന് ടൺ അരി ഇപ്പോൾ സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് തീരുന്നതുവരെ പുത്തൻചിറ 'പ്രകൃതി'യിൽ അരി ലഭ്യമാണ്. **ഉടൻ വിളിക്കുക: 9495040513**

*Compliments from*

P.G. Centre

**CENTRE FOR POSTGRADUATE STUDIES**
North Bus Stand, Thrissur
Ph: 0487-2338983, 9645012057
www.pgcentre.org, email: pgcentre.tsr@gmail.com

Spot Admission cum Learning Centre
BHARATHIAR UNIVERSITY
Counselling & Programme Centre
CALICUT UNIVERSITY